# 1.പ്ലാവിലക്കഞ്ഞി- തകഴി ശിവശങ്കരപ്പിള്ള

1) കുട്ടനാടിന്റെ കഥാകാരൻ എന്നറിയപ്പെടുന്നതാര്? - തകഴി ശിവശങ്കരപ്പിള്ള

2) പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗം ഏത് നോവലിൽ നിന്നെടുത്തതാണ് - രണ്ടിടങ്ങഴി

3) പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തിലെ പ്രധാന കഥാപാത്രങ്ങൾ ആര്? - കോരൻ, ചിരുത ,അച്ഛൻ

4) പ്ലാവിലക്കഞ്ഞി എന്ന നോവൽ ഭാഗത്ത് പ്രതിഫലിക്കുന്ന സാമൂഹ്യാവസ്ഥ? - ദാരിദ്ര്യം

5) നെല്ലില്ല, പിശാശുക്കള് ഈ പ്രസ്താവനയിലെ ഭാവം എന്ത് ?- പുച്ഛം

6) തമ്പ്രാ ഏന്ന നെല്ല കൂലി മതി ചക്രം മേണ്ട - ഈ വാമൊഴി തനിമയുടെ മാനകഭാഷാരൂപം ഏത്?

തമ്പുരാനേ എനിക്ക് നെല്ല കൂലി മതി ചക്രം വേണ്ട

7) മറ്റ വേലക്കാർ ഒന്നും പറയാതെ വള്ളത്തിൽ കയറി.കോരൻ തന്നെ അവിടെ നിന്നതു കൊണ്ട് എന്ത് പ്രയോജനമാണ്. ഒന്നുമില്ല. അവനും പോയി. വരികളിലെ സാമൂഹികാവസ്ഥകണ്ടെത്തുക

അസംഘടിത തൊഴിലാളി സമൂഹത്തിന്റെ ചിത്രം

8) കോരൻ ആ ചക്രവും മടിയിലിട്ട് അരി അന്വേഷിച്ച് ഊന്നി നടന്നു.- അടിവരയിട്ട പ്രയോഗത്തിന്റെ ഏറ്റവും യോജിച്ച അർഥം.?

വള്ളം തുഴഞ്ഞു.

9) രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? ഇവിടെ കോരൻ പ്രകടിപ്പിക്കുന്ന സ്വഭാവ സവിശേഷത എന്ത്?

വിപ്ലവ ചിന്ത

10 )കോരൻ വയറ്റിൽ സുഖമില്ലെന്ന് നടിച്ച കിടന്നു - എന്തുകൊണ്ട്?

കഞ്ഞി രണ്ടു പേർക്കുള്ളത് ഉണ്ടായിരുന്നില്ല

11 ) ഏഴരക്കോഴി കൂവി - സൂചനയെന്ത്?

ഏഴരവെളുപ്പിനുള്ള കോഴിയുടെ കൂവൽ

12 ) പിറ്റേന്നു കാലത്ത് ആ നാഴികഞ്ഞിവെള്ളവും നാല് കഷണം കപ്പയും ഒരു വഴക്കിനു കാരണമായി. എങ്ങനെ?

ചിരുത ഒട്ടും കഴിക്കാത്തതിനാൽ

13) അത് കണ്ണു തണുപ്പിക്കുന്ന കാഴ്ച തന്നെ ആയിരുന്നു. ഏത്?

ചിരുതയും കോരന്റെ അപ്പനും പരസ്പരം സംസാരിക്കുന്ന കാഴ്ച

14) അപരാധ ബോധം - വിഗ്രഹ രൂപ മേത്?

അപരാധം ചെയ്തു എന്ന ബോധം

15) അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദിവസം പത്തായി 'കപ്പ തന്നെ പെപ.വരിയിൽ തെളിയുന്ന സാമൂഹ്യാവസ്ഥ എന്ത്?

പട്ടിണിയും ദാരിദ്ര്യവും

16) എങ്ങനെയിരുന്ന ആളാണത്? നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തുമുണ്ടായിരുന്നു. ആരെക്കുറിച്ചാണിവിടെ പരാമർശിക്കുന്നത്?

കോരന്റെ അപ്പനെ

17 ) അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. അടിവരയിട്ട പദത്തിന്റെ സൂചനയെന്ത്?

ക്ഷമിക്കാനാവാത്തത്

18) മൂഴക്കരി എന്ന പദത്തിന്റെ വികസിത രൂപം?

ഉത്തരം :- മൂഴക്ക് അരി

19 ചിരുതകൃത കൃത്യയായി എന്തുകൊണ്ട്?

ഉത്തരം :- പ്രായമായ അപ്പന് കഞ്ഞി കോരി തന്നു എന്ന് പറഞ്ഞപ്പോൾ

visit www.shenischool.in or whatsapp 7012498606

20) എന്തായാലും അന്ന നെല്ല തന്നെ കൂലി കിട്ടിയേ മതിയാവൂ - കോരൻ ഇങ്ങനെ ചിന്തിച്ചതിന്റെ പൊരുൾഎന്ത്?

ഉത്തരം :- അപ്പന് ഒരു നേരമെങ്കിലും നിറച്ച് ചോറു കൊടുക്കണം.

21) അപ്പോൾ നമ്മുടെ വേരുകളോ അതും ഈ അമ്മയായ ഭൂമിയിൽ തന്നെ. വേരുകൾ എന്ന പദത്തിന്റെ അർഥസൂചന താഴെ പറയുന്നവയിൽ ഏത്?

ഉത്തരം :- പാരമ്പര്യവും സംസ്കാരവും

22) രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്?കോരൻ ചിന്തിച്ചു.കർഷക തൊഴിലാളിയുടെ ഉയർത്തെഴുന്നേൽപ്പിന്റെ സൂചനയാണോ ഈ ചിന്താ.? സന്ദർഭം വിശകലനം ചെയ്തെഴുതുക.

ഉത്തര സൂചനകൾ -

- കോരൻ എന്ന കഥാപാത്രം
- ചൂഷണത്തിനെതിരെയുള്ള പ്രതിഷേധം
- അധ്വാനത്തിന് മതിയായ കൂലിയോ ഭക്ഷണമോ ലഭിക്കാത്ത അവസ്ഥ.
- നെല്ല് കൂലിയായി കിട്ടാഞ്ഞാൽ കർഷക തൊഴിലാളികൾ പട്ടിണിയാകുന്നു.
- ജന്മിമാർ നെല്ല് കരിഞ്ചന്തയിൽ വിൽക്കുന്നത്

23) *ഔസേപ്പ് നെല്ല് കൂലി കൊടുക്കാത്തതെന്തുകൊണ്ടാണെന്ന് കോരന് മനസിലായി. നെല്ലിന് നല്ല വിലയുണ്ട്.

*ആണ്ടോടാണ്ട് പതിനായിരപ്പറ നിലം കൃഷി ഉണ്ടായിരുന്ന ഒരു കൃഷിക്കാരന്റെ വേലക്കാരനായിട്ട് എട്ടു വയസ്സിൽ കൂടിയതാണയാൾ.അതിനു ശേഷം ആ കൃഷിക്കാരൻ കോടീശ്വരനാവുകയും ക്ഷയിക്കുകയും പിന്നെ ഉയരുകയും ചെയ്തു

കോരനെപ്പോലെയുള്ളവരെ പട്ടിണിയിലേക്ക് തള്ളിയിട്ട പഴയ കാല സാമൂഹിക ഘടനയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ പാഠ ഭാഗത്തുനിന്ന് ലഭിക്കുന്നുണ്ട്. വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

<u>ഉത്തര സൂചന.</u>

- അധ്വാനിച്ചിട്ടും വയറുനിറയെ ഭക്ഷണം കിട്ടാനില്ലാത്തവന്റെ വേദന, പ്രതിഷേധം - ഉദാഹരണ സഹിതം
- ജന്മിമാരുടെ കരിഞ്ചന്ത വില്പന
- കോരന്റെ അച്ഛന്റെ ജീവിതം
- ജന്മിമാരുടെ ചൂഷണം
- കേരളത്തിൽ നിലനിന്ന ദുഷിച്ച സാമൂഹ്യ വ്യവസ്ഥിതി.

24.) അത് കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു (രണ്ടിടങ്ങഴി)

കണ്ണുതണുപ്പിക്കുന്ന കാഴ്ച എന്ന പ്രയോഗം നോവൽ സന്ദർഭത്തിന് നൽകുന്ന സവിശേഷ ഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

<u>ഉത്തരസൂചന</u>

- സന്ദർഭം പറയുക
- പ്രയോഗത്തിന്റെ അർഥം വിശദീകരിക്കുക

25. കഥാപാത്രനിരൂപണം തയ്യാറാക്കുക - കോരൻ

<u>ഉത്തരസൂചന</u>

- കഥ, കഥാപാത്രം പരിചയപ്പെടുത്തൽ
- കഥാപാത്രസവിശേഷതകൾ
- കഥാപാത്രത്തിന്റെ പ്രസക്തി
- കാലിക പ്രാധാന്യം.

visit www.shenischool.in or whatsapp 7012498606